# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.10.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ കായികതാരങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും.

   **Prime Minister Narendra Modi will interact with the Indian contingent that participated in the Asian Games 2026 in New Delhi today.**

2. ദേശീയ സാമൂഹിക സുരക്ഷാ പദ്ധതി 53,428 കോടി രൂപ ചെലവിൽ അഞ്ച് വർഷത്തേക്ക് കൂടി നീട്ടാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം.

   **The Union Cabinet has approved the continuation of the National Social Assistance Programme for five years, with an outlay of 53 thousand 428 crore rupees.**

3. ലഡാക്കിൽ 3,350 കോടി രൂപയുടെ അഞ്ച് വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ ഇന്ന് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will inaugurate and dedicate to the nation five major development projects worth around three thousand three hundred 50 crore rupees in Ladakh today through video conferencing.**

4. വോട്ടർപട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള പ്രത്യേക യജ്ഞത്തിന് ഇന്ന് സംസ്ഥാനത്ത് തുടക്കമാകും..

   **Special Drive to Correct Electoral Rolls to Begin in Keralam from Today.**

5. കേരളത്തിൽ ഇന്ന് മുതൽ മഴ ശക്തിപ്രാപിക്കും. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ  ഓറഞ്ച് ജാഗ്രത.

   **Rainfall is expected to intensify in Keralam from today. An orange alert has been issued in Pathanamthitta, Kottayam, Ernakulam and Idukki districts.**

6. ഇന്ത്യക്കെതിരായ ട്വൻറി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസിന് ജയം..

**In Men's Cricket, West Indies defeated India in the fourth T20 International.**

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PREZ-VIJAYWADA

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിജയവാഡയിൽ നാഷണൽ സരസ് മേള 2026 ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് രാഷ്ട്രപതി ആന്ധ്രാപ്രദേശിലെത്തിയത്. വിജയവാഡയിൽ ശ്രീദുർഗ മല്ലേശ്വര സ്വാമി ക്ഷേത്രത്തിൽ ശ്രീമതി ദ്രൗപദി മുർമു സന്ദർശനം നടത്തി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PM-ASIAN GAMES

2026-ലെ ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും. ജപ്പാനിലെ ഐച്ചി-നഗോയയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ 21 സ്വർണ്ണവും 27 വെള്ളിയും 37 വെങ്കലവും ഉൾപ്പെടെ 85 മെഡലുകൾ നേടിയ ഇന്ത്യ, മെഡൽ പട്ടികയിൽ നാലാം സ്ഥാനത്തെത്തിയിരുന്നു. ഏഷ്യൻ ഗെയിംസിൽ തുടർച്ചയായി രണ്ടാം തവണയാണ് ഇന്ത്യ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ ഇടംപിടിക്കുന്നത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## CABINET- SOCIAL ASSISTANCE

ദേശീയ സാമൂഹിക സുരക്ഷാ പദ്ധതി 53,428 കോടി രൂപ ചിലവിൽ അഞ്ച് വർഷത്തേക്ക് കൂടി തുടരുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അനുമതി. ഭിന്നശേഷി പെൻഷൻ പദ്ധതി പ്രകാരം നൽകുന്ന ധനസഹായം ഇനി മുതൽ 79 വയസ്സ് വരെ 375 രൂപയും 80 വയസു മുതൽ 625 രൂപയുമായിരിക്കുമെന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. പ്രധാൻമന്ത്രി സാമാജിക് സഹായ യോജനയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അംഗപരിമിതിയുടെ പരിധി 80 ശതമാനത്തിൽ നിന്ന് 40 ശതമാനമായി കുറച്ചു. ഭിന്നശേഷി പെൻഷൻ പ്രായപരിധി ജനനം മുതൽ ബാധകമാക്കിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## SUGARCANE COMMITTEE

കരിമ്പ് കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചു കേന്ദ്ര സർക്കാർ. നിതി ആയോഗിൻറെ മുൻ അംഗം രമേശ് ചന്ദ് കമ്മിറ്റിയുടെ അധ്യക്ഷനാകും. കരിമ്പ് കർഷകരുടെ പ്രതിനിധികൾ കേന്ദ്രമന്ത്രിമാർ പങ്കെടുത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് കമ്മിറ്റി രൂപീകരിച്ചത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PM-LADAKH PROJECTS

പ്രധാനമന്ത്രി നരേന്ദ്ര മോദി ലഡാക്കിൽ ഏകദേശം 3,350 കോടി രൂപയുടെ അഞ്ച് പ്രധാന വികസന പദ്ധതികൾ വീഡിയോ കോൺഫറൻസിംഗിലൂടെ ഇന്ന് ഉദ്ഘാടനം ചെയ്യും. മേഖലയിലെ ഗതാഗത, ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, ജലസുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതികളുടെ ലക്ഷ്യം. ലേയിലെ കുശോക് ബകുല റിംപോച്ചെ വിമാനത്താവളത്തിൽ 640 കോടി രൂപ ചെലവിൽ നിർമ്മിച്ച പുതിയ പാസഞ്ചർ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## MEA SAUDI ARABIA ADVISORY (INTRO)

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഇന്ത്യൻ പൗരന്മാർ പ്രാദേശിക അധികൃതരുടെ നിർദ്ദേശങ്ങൾ തുടർന്നും പാലിക്കണമെന്ന് റിയാദിലെ ഇന്ത്യൻ എംബസിയുടെ മുന്നറിയിപ്പ്. വ്യോമാക്രമണം ഉണ്ടായാൽ വീടുകളിൽ തന്നെ കഴിയണമെന്നും, ആക്രമണങ്ങളുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന വീഡിയോകളോ വാർത്തകളോ പ്രചരിപ്പിക്കരുതെന്നും എംബസ്സി അഭ്യർത്ഥിച്ചു. ഈ മാസം 17 വരെ ഇന്ത്യൻ വിമാനക്കമ്പനികൾ സൗദി അറേബ്യയിലേക്കും തിരിച്ചുമുള്ള സർവീസുകൾ നിർത്തി വച്ചിരിക്കുകയാണ്. സൗദിക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ ഇന്ത്യ ശക്തമായി അപലപിക്കുന്നതായി വിദേശകാര്യമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

(വോയിസ്....)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## MAHILA KISAN DIWAS

കാർഷിക മേഖലയിൽ സ്ത്രീകൾ നൽകുന്ന സംഭാവനകൾ അംഗീകരിക്കുന്നതിനായി, കൃഷി-കർഷക ക്ഷേമ മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ 'മഹിളാ കിസാൻ ദിവസ്' ആഘോഷിക്കും. ഐക്യരാഷ്ട്രസഭയുടെ 'അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിന'ത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. 'വികസിത കാർഷിക മേഖലയും വികസിത ഇന്ത്യയും കെട്ടിപ്പടുക്കുന്നതിൽ വനിതാ കർഷകരുടെ പങ്ക്' എന്നതാണ് ഈ വർഷത്തെ പ്രമേയം.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PM SEVA SANKALP (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് സംരംഭത്തെ കുറിച്ചാണ് , 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് 2015 ഒക്ടോബർ 31-നാണ് പദ്ധതി ആരംഭിച്ചത്. ഇന്ത്യയുടെ വൈവിധ്യത്തെ ഏറ്റവും മികച്ച രീതിയിൽ മനസ്സിലാക്കാനുള്ള അവസരമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി  വ്യക്തമാക്കിയിരുന്നു.

( വോയിസ്....)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PM CANADA FM

ഇന്ത്യയിലെയും കാനഡയിലെയും ജനങ്ങൾക്ക് പ്രകടമായ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനായി കാനഡയുമായി ക്രിയാത്മകവും, തന്ത്രപ്രധാനമായ പങ്കാളിത്തം കെട്ടിപ്പടുക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ ഇരുവരും അവലോകനം ചെയ്തു. വ്യാപാരം, സാങ്കേതികവിദ്യ, സുരക്ഷ, ഊർജ്ജം, വിദ്യാഭ്യാസം, തുടങ്ങിയ സുപ്രധാന മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## VICE PRESIDENT - VISIT

നവരാത്രിയോടനുബന്ധിച്ച് കോഴിക്കോട് നടക്കുന്ന നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം നാളെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചിത്രകലാ രംഗത്തെ സമഗ്ര സംഭാവന കൾ മുൻനിർത്തി സർഗ്ഗോത്സവസമിതി ഏർപ്പെടുത്തിയ പ്രഥമ സർഗ്ഗ കേസരി പുരസ്കാരം ആർടിസ്റ്റ് പി.ആർ. രാജേന്ദ്രന് ഉപരാഷ്ട്രപതി സമ്മാനിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ചടങ്ങിൽ സംബന്ധിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ വൈകിട്ട് 4 മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## KERALA ASSEMBLY

16-ാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനം പുരോഗമിക്കുന്നു. കിഫ്ബി പുനസംഘടിപ്പിക്കുന്നതിനുള്ള സമിതിയുടെ റിപോർട്ട് മുഖ്യമന്ത്രി വി ഡി സതീശൻ ഇന്നു സഭയുടെ മേശപ്പുറത്തു വെക്കും. സരൾ കേരളം ബില്ലിൻറെ അവതരണവും ഇന്നു നടത്തും. പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനം, യുപിഐ ഇടപാടുകൾക്കുള്ള കമ്മീഷൻ തുടങ്ങിയ വിഷയങ്ങളിലെ ചർച്ച, പരിസ്ഥിതി ലോല പ്രദേശങ്ങൾ സംബന്ധിച്ച് സർക്കാർ കൊണ്ടു വരുന്ന പ്രമേയത്തിൻ മേലുള്ള ചർച്ച തുടങ്ങിയവയും ഇന്നത്തെ കാര്യ പരിപാടികളിൽ ഉൾപ്പെടുന്നു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## VOTERS LIST

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലു കൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് ഇന്ന് മുതൽ ഈ മാസം 31 വരെ പ്രത്യേക യജ്ഞം നടത്തും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## RAIN -KERALAM

സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തിപ്രാപിക്കും. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവും നൽകിയിട്ടുണ്ട്. തുലാവർഷം

തെക്കേ ഇന്ത്യയിൽ ഇന്ന് എത്താൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## CRICKET - 4TH T20I

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനു ജയം. ഇന്നലെ ഹൈദരാബാദിൽ നടന്ന മത്സരത്തിൽ ഇന്ത്യയെ 24 റൺസിനാണ് വെസ്റ്റ് ഇൻഡീസ് പരാജയപ്പെടുത്തിയത്. വിൻഡീസ് ഉയർത്തിയ 248 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യയ്ക്ക്, 19.3 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 223 റൺസ് നേടാനേ സാധിച്ചുള്ളൂ. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പര 2-2 ന് സമനിലയിലാണ്. പരമ്പരയിലെ അവസാന മത്സരം ശനിയാഴ്ച ബെംഗളൂരുവിൽ നടക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## WORLD WHITE CANE (INTRO)

ഇന്ന് ലോക വൈറ്റ് കെയിൻ ദിനം. കാഴ്ചപരിമിതിയുള്ളവരുടെ സ്വതന്ത്രവും സുരക്ഷിതവുമായ സഞ്ചാരത്തിൻറെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതിനാണ് ദിനാചരണം.
**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ABDUL KALAM

മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൾ കലാമിൻറെ ജന്മവാർഷിക ദിനം ഇന്ന്. 1931 ഒക്ടോബർ 15, തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച അദ്ദേഹം ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചക്കും, യുവജനങ്ങളുടെ സമഗ്ര വികാസത്തിനും വിലമതിക്കാനാവാത്ത സംഭാവനകളാണ് നൽകിയത്. ഇന്ത്യയുടെ മിസൈൽ മാൻ എന്നറിയപ്പെടുന്ന കലാം ISRO, DRDO എന്നിവിടങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ സ്വപ്നം കാണാൻ പഠിപ്പിച്ച ശാസ്ത്രജ്ഞൻ, മികച്ച അധ്യാപകൻ, ഗവേഷകൻ, എഴുത്തുകാരൻ എന്നിങ്ങനെ നിരവധി വിശേഷണങ്ങളാണ് അബ്ദുൾ കലാമിനുള്ളത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## CHERUVAYAL RAMAN

വയനാട്ടിലെ പരമ്പരാഗത കർഷകനും പത്മശ്രീ ജേതാവുമായ ചെറുവയൽ രാമൻറെ സംസ്കാരം ഇന്ന് നടക്കും. വയനാട് കമ്മന നവോദയ എൽ.പി സ്കൂളിൽ പൊതുദർശനത്തിന് ശേഷമായിരിക്കും സംസ്കാരം. അന്യം നിന്നു പോകുമായിരുന്ന അമ്പതിലധികം നാടൻ നെൽവിത്തിനങ്ങളെ സ്വന്തം കൃഷിയിടത്തിൽ സംരക്ഷിച്ചുപോന്നിരുന്ന അദ്ദേഹത്തെ കേരളത്തിൻറെ 'ജീവിക്കുന്ന നെൽവിത്ത് ബാങ്ക്' എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## GERMANY - MALAYALI

ജർമനിയിൽ തീപിടിത്തത്തിൽ മരിച്ച മൂന്ന് മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള തുടർനടപടികൾക്ക് സഹായം ഉറപ്പാക്കുമെന്ന് മന്ത്രി പി. സി. വിഷ്ണുനാഥ്. ജർമനിയിലെ പടിഞ്ഞാറൻ നഗരമായ ബോഹുമിലെ റസിഡൻഷ്യൽ അപ്പാർട്ട്മെൻറ് സമുച്ചയത്തിലുണ്ടായ തീപിടിത്തത്തിലാണ് മൂന്നു പേർ മരിച്ചത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄❄

❄❄❄